# THE TREASURY OF KNOWLEDGE
# ജ്ഞാനനിക്ഷേപം

| വാല്യം 168 | മാർച്ച് 2015 | ലക്കം 3 |
| --- | --- | --- |


## ബിഷപ്പിന്റെ കത്ത്

കർത്താവിൽ പ്രിയരേ,

വീണ്ടും വ്രതാനുഷ്ഠാനങ്ങളുടെയും ഉപവാസത്തിന്റെയും വർജനത്തിന്റെയുമൊക്കെ നാളുകളിലൂടെ നാം കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണല്ലോ. പുറമേ ചെയ്യുന്ന ആചാരാനുഷ്ഠാനങ്ങൾ, വ്രതചര്യകൾ ആവശ്യപ്പെടുന്ന രൂപാന്തരം അകത്ത് സംഭവിച്ച് കൂടുതൽ നവീനത ചിന്തകളിലും പ്രവർത്തനങ്ങളിലും ഇടപാടുകളിലും നമുക്ക് കൈവരുവാൻ ദൈവം സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.



യേശുക്രിസ്തുവിന്റെ ജഡാവതാരത്തെയും ഇഹലോക ശുശ്രൂഷാനുഭവങ്ങളെയും ക്രൂശുമരണത്തെയും പുനരുദ്ധാരണത്തേയും സംബന്ധിച്ച ആയിരക്കണക്കിനു വ്യത്യസ്ഥമായ വ്യാഖ്യാനങ്ങളും പഠിപ്പിക്കലുകളുമുണ്ട്. എന്നാൽ ഏവരും അംഗീകരിക്കുന്ന ഈ വസ്തുത ക്രിസ്തുകേന്ദ്രീകൃതമായി രൂപം കൊണ്ട ഒരു സമൂഹത്തിന്റെ നിർമ്മിതിയാണ് (Christ Community). "എന്നെപ്പോലെ ഒരു പ്രവാചകൻ നിങ്ങളുടെ ഇടയിൽ നിന്നെഴുന്നേക്കും" (ആവ. 18:15) എന്നത് മോശയുടെ പ്രഖ്യാപനമാണ്. "ദൈവത്തിന്റെ വചനം പ്രസ്താവിക്കുകയും ദൈവം കൽപ്പിക്കുന്നതൊക്കയും ജനത്തോട് പറയുകയും" (ആവ. 18:18) ചെയ്യുന്ന ആ പ്രവാചകനുവേണ്ടിയുള്ള സുദീർഘമായ കാലയളവിലെ കാത്തിരിപ്പാണ് ക്രിസ്തുവിൽ സാധിക്കുന്നത്. എന്നാൽ ആഗ്രഹിച്ച രീതി ശാസ്ത്രങ്ങളേക്കാൾ, പ്രയോഗരീതികളേക്കാൾ വിഭിന്നമായതൊന്നാണ് ക്രിസ്തുവിൽ സംഭവിക്കുന്നത്. മനുഷ്യരിൽ മരണത്തിന്റെയും അഗാധ ഭയത്തിന്റെയും സൂചനകൾ നൽകിയിരുന്ന കുരിശുപോലും വിശുദ്ധിയുടെയും പാവനത

യുടെയും അടയാളമാകുന്നത് ക്രിസ്തു സംഭവത്തിലൂടെയാണ്. മനുഷ്യന്റെ വീക്ഷണങ്ങളെ അടിമുടി മാറ്റുന്നതും പുനഃക്രമീകരണം നിർമ്മിക്കുന്നതുമാണ് ക്രൂശ്. വ്യാഖ്യാനങ്ങൾക്കും പ്രസംഗങ്ങൾക്കുമപ്പുറം ക്രൂശ് മാനവരാശിയുടെ അനുഭവമണ്ഡലത്തിൽ വല്ലാതെ സ്വാധീനിക്കപ്പെടുന്നതും അതുകൊണ്ടാണ്. ശിഷ്യത്വത്തിന്റെ ഏറ്റവും അനുഗുണമായ ചിഹ്നങ്ങളിലൊന്നായി ക്രൂശ് വ്യാഖ്യാനിക്കപ്പെടുന്നുണ്ട്. ഒരുവൻ ക്രിസ്തുവിനെ അനുഗമിക്കുവാൻ താത്പര്യപ്പെടുമ്പോൾ തന്നെത്താൻ താഴ്ത്തുകയും ക്രൂശ് എടുക്കുകയും വേണം.

**ക്രൂശ് നമ്മിലെ ദൈവിക അംശത്തിന്റെ വെളിപ്പെടലാണ് (Cross is the Revelation of Godliness within us):** ഒരു വ്യക്തിയുടെ ഉള്ളിലെ ദൈവികാംശത്തിന്റെ ആവിഷ്കാരമാണ് ക്രൂശിലൂടെ സാധിതമാകുന്നത്. ഉള്ളിലെ ദൈവീകാംശം ക്രൂശ് എന്ന പ്രതീകത്തിലൂടെ ദൃശ്യമാകുമ്പോൾ സമർപ്പണത്തിന്റെയും സ്നേഹപൂർവ്വമായ കരുതലിന്റെയും അടയാളമായി അതു വെളിപ്പെടുന്നു. ക്രൂശ് വഹിക്കുന്നതിന്റെ മുന്നൊരുക്കം (Pre-requisite) സ്വയപരിത്യാഗമാണ്. ഉള്ളിലെ 'ഞാൻ' എന്ന സാധ്യതയെ പൂർണ്ണമായി ത്യജിക്കുന്ന വ്യക്തിയാണ് ക്രൂശെടുക്കുവാൻ സ്വയമായി പ്രാപ്തമാകുന്നത്. ഉള്ളിലെ ആഗ്രഹങ്ങളെക്കാൾ വലുത് പുറത്തു കണ്ടെത്തുന്ന കഷ്ടതകളെ വരിക്കുന്നതാണ് എന്ന് കരുതുന്ന അനുഭവമാണിത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ പുറമെ നാം കാണുന്ന ക്രിയാത്മകതയെ ഉള്ളിലെ വെളിച്ചംകൊണ്ട് കീഴടക്കുന്ന പ്രവണതയാണിത്. ഉള്ളിലെ 'ഞാൻ' എന്ന ബോധത്തെ സ്വാധീനിക്കുന്ന പുറത്തുള്ള ലോകകാഴ്ചകളെക്കാൾ, ഉള്ളിലെ നീതിബോധത്തെ, സ്നേഹത്തെ, വിശ്വസ്തമായ സേവനപരതയെ ജ്വലിപ്പിക്കുന്ന ഉൾക്കാഴ്ചയാണ് ക്രൂശ് ആവശ്യപ്പെടുന്നത്. ഉള്ളിലെ അഹം ബോധത്തെ കീഴടക്കി, പുറത്തുള്ളവരുടെ ആവശ്യങ്ങളിലേക്കും അനുഭവങ്ങളിലേക്കും ഇറങ്ങിച്ചെന്നതുകൊണ്ടാണ് യേശുവിന് ക്രൂശ് ഹൃദ്യമായി തോന്നിയത്. ഒരു വ്യക്തിയുടെ അകത്തു വിരിയുന്ന ഈ ദൗത്യവെളിച്ചവും, പുറംലോക കാഴ്ചകളും തമ്മിലുള്ള സംഘർഷത്തെ ശരിയായി നേരിടുന്ന വർക്കാണ് ക്രൂശനുഭവം ഹൃദ്യമാകുന്നത്. പൗലോസ് അപ്പോസ്തലൻ വെളി പ്പെടുത്തുന്ന സുവിശേഷ സത്യമതാണ്. ക്രിസ്തുവിനോടുകൂടെ കഷ്ടം ഏൽക്കുന്നതുപോലെതന്നെ 'ക്രിസ്തുവിലൂടെയുള്ള ആശ്വാസവും ഞങ്ങളിൽ പെരുകുന്നു'. (2 കൊരി. 1: 4-5) പുറമെ കഷ്ടത അനുഭവിക്കുമ്പോൾതന്നെ അകമെ ആശ്വസിക്കുവാൻ കഴിയുന്ന ആത്മീയതയാണ് ക്രൂശ് നമുക്ക് നൽകുന്നത്. ഇപ്രകാരം ആത്മസംഘർഷങ്ങളെ അതിജീവിച്ച് ക്രൂശിനെ ആശ്വാസമായിക്കണ്ട ഒരു സമൂഹത്തിന്റെ ആവിർഭാവമാണ്, യേശുക്രിസ്തുവിന്റെ മരണ- പുനരുദ്ധാരണത്തിനുശേഷം ആദിമസഭയിൽ സംഭവിക്കുന്നത്. ക്രിസ്തു സമൂഹത്തിന്റെ ഉരകല്ലാണ് ക്രൂശ്. ഭാരതത്തിന്റെ വർത്തമാനകാല അനുഭവത്തിൽ നമുക്കു വേണ്ടത് ശരിയായ ക്രിസ്തുസമൂഹത്തിന്റെ (True Christ Community) രൂപീകരണമാണ്. അടയാളങ്ങളിലും, അനുഷ്ഠാനങ്ങളിലും അഭിരമിക്കുന്ന ക്രിസ്ത്യാനികളെക്കാൾ ആശയ ദൃഢതയും ആത്മാർത്ഥതയും കൈമുതലായുള്ള ക്രിസ്തുസമൂഹത്തിന്റെ ഉയിർപ്പാണ് നമ്മുടെ രാജ്യത്തിനാവശ്യം. ആകെയുള്ള ദൈവീകാംശത്തെ വെളിപ്പെടുത്തുന്നവരുടെ ഒരു സമൂഹനിർമ്മിതിയാണ് ഇന്ന് ഭാരതം ഉറ്റുനോക്കുന്നത്.

**ക്രൂശ് ഏറ്റുമുട്ടലുകളുടെയും പോരാട്ടങ്ങളുടെയും അടയാളമാണ് (Cross is the symbol of Confrontation and combat ):** ക്രൂശ് ഒരു കാലഘട്ടത്തിലെ തിന്മശക്തികളോടുള്ള, അനാത്മീകതകളോടുള്ള ക്രിസ്തുവിന്റെ സന്ധിയില്ലാ സമരത്തിന്റെ പ്രതീകമാണ്. പരസ്യശുശ്രൂഷാസമയത്ത് താനെതിർത്ത എല്ലാത്തരം അനീതികളോടും ക്രൂശിങ്കലോളം ക്രിസ്തു എതിർത്തു നിന്നു. ഒരു പക്ഷേ ഈ പ്രതിരോധത്തിന്റെയും പോരാട്ട വീര്യത്തിന്റെയും പരിണിതഫലമാണ് ക്രൂശ് എന്നുള്ളതാണ് വാസ്തവം. അതുമാത്രമല്ല ഒരു വ്യക്തിയുടെ ഉള്ളിലെ ആത്മസംഘർഷങ്ങളിന്മേലുള്ള വിജയം കൂടിയാണ് കുരിശ്. വിശുദ്ധി എന്നത് അശുദ്ധികളുടെ അസാന്നിധ്യമല്ല, മറിച്ച് എല്ലാ അശുദ്ധികളോടുമുള്ള ചെറുത്തുനിൽപ്പുകൂടിയാണ്. സമീപകാലത്ത് ഗവണ്മെന്റിന്റെ മദ്യനയത്തോടും പരിസ്ഥിതി നിലപാടുകളോടും മഹായിടവകയായി നാം പ്രകടിപ്പിച്ച വിയോജിപ്പ് ഒരു ക്രൈസ്തവ സഭ എടുക്കേണ്ട അനിവാര്യമായ നിലപാടുകളാണ്. അതിന്റെ പരിണിതഫലം എന്തെന്നു നോക്കാതെ സാമൂഹ്യനീതിയുടെ ശബ്ദം മുഴക്കുവാൻ നമുക്ക് കഴിഞ്ഞു എന്നത് നിസ്തർക്കമായ വസ്തുതയാണ്. അങ്ങനെയെങ്കിൽ കുരിശ് ഒരു നിലപാടു കൂടിയാണ്. എല്ലാത്തരം അശുദ്ധികളോടും ജീവനെ നിക്ഷേധിക്കുന്ന, വിദ്വേഷം വളർത്തുന്ന, ഛിദ്രശക്തികൾക്കെതിരെയുള്ള നിലപാട്. ഗത്ശമനയുടെ അനുഭവങ്ങളെപ്പോലെ ഉള്ളിലെ സംഘർഷങ്ങളുടെ കൊടുമുടിയിൽ വിയർപ്പുകണങ്ങൾ രക്തത്തുള്ളികളായി മാറുമ്പോൾ, തകർക്കപ്പെടുന്നതിനെ സർവ്വാത്മനാ ഏറ്റെടുക്കുന്ന, ക്രിസ്തു ദർശനത്തിലൂടെ രൂപം കൊടുക്കുന്ന ഒരു നവസമൂഹ കാഴ്ചപ്പാടാണ് ക്രൈസ്തവത മുന്നോട്ടു വയ്ക്കേണ്ടത്. മുന്തിരിച്ചാറുണ്ടാകുന്നത് മുന്തിരിയുടെ കശക്കലിനുശേഷമാണ്. മനോഹരമായി യാതൊരു ഉടയ്ക്കലിനും വിധേയമാകാതെയിരുന്നാൽ അടുത്ത ഘട്ടത്തിലേക്കുള്ള സ്വാഭാവിക പരിണാമം ലഭ്യമാകുകയില്ല എന്നാൽ പുറമ്പൂച്ചിൽ മയങ്ങിക്കിടക്കാതെ ഉടയ്ക്കപ്പെടുവാൻ തയ്യാറാകുമ്പോൾ, ഇനിയുമേറെ സഞ്ചരിക്കുവാൻ ഉണ്ടെന്ന് നമുക്ക് ബോധ്യമാകും. ക്രൂശ് ഏവർക്കും പൊതുവായിട്ടുള്ള ഒരു കാഴ്ചപ്പാടാണ്. ഏവർക്കും പൊതുവായുള്ള ക്രൂശ് സ്വയമേവ നാം ഏറ്റെടുക്കുകയാണ്. ക്രിസ്തു നിർവ്വഹിച്ച ധർമ്മവും ഇതാണ്. ക്രൂശ് വഹിക്കുക എന്നത് Optional ആണ്.

**കുരിശ് പ്രത്യാശയുടെയും, പുതുജീവന്റെയും ആഘോഷമാണ് (Cross is the celebration of hope and new life):** ക്രൂശ് ക്രിസ്തുവിന്റെ സന്തതസഹചാരികൾക്ക് സമ്മാനിച്ചത് താത്കാലിക ദുഃഖവും നിരാശയുമായിരുന്നു. എന്നാൽ ക്രൂശ് മരണം മരണത്തിന്റെ ശക്തികളിന്മേലുള്ള വിജയമായിത്തീർന്നതോടെ പ്രതീക്ഷയുടെയും പുതുജീവന്റെയും ആഘോഷമായി അതു മാറി. ക്രിസ്തു ക്രൂശിന്റെ കേന്ദ്രമാണ്. കുരിശിന്റെ ആകൃതി സൂചിപ്പിക്കുന്നതുപോലെ കേന്ദ്രത്തിൽനിന്നും വശങ്ങളിലേക്കു നീങ്ങുന്ന അതിരുകളിലേക്കൊഴുകുന്ന, സ്നേഹത്തിന്റെ അനുഭവമാണ് ക്രിസ്തു നൽകുന്നത്. ദിശതെറ്റിയ സമൂഹത്തിന് പുതിയ ദിശാബോധവും ആശയറ്റ സമൂഹങ്ങൾക്ക് പ്രത്യാശയുടെ പുതു നാമ്പുകളും മരണ ഭീതിയിൽ കഴിഞ്ഞവർക്ക് പുതുജീവന്റെ തുടിപ്പുകളും ക്രൂശ് നൽകുന്നു. ഒപ്പം ക്രൂശിന്റെ അനുഭവത്തിൽ പങ്കാളികളായി മറ്റുള്ളവർക്കായി എരിഞ്ഞുതീരുന്നതിനുള്ള

ക്ഷണവും നമുക്ക് ലഭിക്കും. ക്രിസ്തുവിനോടുചേർന്ന് ശിഷ്യത്തിന്റെ നുകം ഏറ്റെടുത്ത് ചുമട് മൃദു ആക്കുന്നതിനുള്ള ക്ഷണമാണിത്. എന്നാൽ ക്രിസ്തു പ്രതിരോധത്തിന്റെയും പോരാട്ടത്തിന്റെയും അടയാളമായ ക്രൂശിനെ സർവ്വാത്മനാ ഏറ്റെടുത്തു. ക്രിസ്തു പുറത്തുള്ളവർക്കായി എരിഞ്ഞുതീരുന്ന മനോഭാവത്തോടെ സ്വയം ക്രൂശിന് തന്നെതന്നെ വിധേയപ്പെടുത്തുന്നു. “അന്യജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ വിവേകികൾ” എന്നു കുമാരനാശാൻ രചിച്ചതുപോലെ അപരനായി ഉരുകുമ്പോൾ നമുക്ക് മുമ്പിൽ വിരിയുന്ന അനുഭവമാണ് കുരിശ്. ഭാരതത്തിന്റെ പശ്ചാത്തലത്തിൽ ഈ രാജ്യത്തിന്റെ വിവിധങ്ങളായ ആവശ്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുന്ന സഭയാകുമ്പോഴാണ് ക്രൂശ് നമുക്ക് വഹിക്കാനാവുക. കോടികൾ മുടക്കി പള്ളിക്കെട്ടിടങ്ങൾ തീർത്ത് അതിനുള്ളിലെ അൾത്താരകളിലെ ബലിയർപ്പണത്തിലൂടെ ഏതുതരം ക്രൂശിന്റെ വക്താക്കളായിട്ടാണ് നാം മാറുന്നത് എന്ന ബോധ്യം നമുക്കുണ്ടാവുന്നത് നന്നാണ്. ക്രൂശ് നാം വഹിക്കുന്ന കഷ്ടതകളുടെ പ്രതിഫലനമാണ്. ജനത്തിന്റെ കഷ്ടതകൾ ലഘൂകരിക്കുന്ന ഏതു പ്രവർത്തനവും അവരോടു ചേർന്ന് ക്രൂശ് എടുക്കുന്ന അനുഭവമാണ്. അതുകൊണ്ട്, മറ്റുള്ളവരോടു ചേർന്ന് ക്രൂശു വഹിക്കുകയും ഭാരം വഹിക്കുന്നവരുടെ ഭാരം ലഘൂകരിക്കുകയും ക്രൂശിന്റെ കഷ്ടതകൾക്കപ്പുറത്തുള്ള ഒരു നവജീവനെക്കുറിച്ചുള്ള ദർശനം നമുക്കേറ്റെടുക്കുകയും ചെയ്യാം.

സി. എസ്. ഐ. മദ്ധ്യകേരള മഹായിടവക തൃതീയ ജൂബിലി സ്മാരക കൺവൻഷന്റെ 49-ാമതു യോഗങ്ങൾ ഏറ്റവും ക്രമീകൃതവും അനുഗ്രഹീതവുമായ രീതിയിൽ 2015 ജനുവരി 25 മുതൽ ഫെബ്രുവരി 1 വരെ ബേക്കർ കോമ്പൗണ്ടിൽവച്ചു നടത്തപ്പെട്ടു. ഈ വർഷത്തെ കൺവൻഷൻ പ്രസംഗകരെല്ലാംതന്നെ നമ്മുടെ പ്രതീക്ഷകൾക്കൊത്ത് അനുഗ്രഹീതമായ വചനശുശ്രൂഷ നിർവ്വഹിച്ചു. മഹായിടവകയുടെ വിവിധ ഭാഗങ്ങളിൽനിന്നും ധാരാളം ആളുകൾ കൺവൻഷൻ യോഗങ്ങളിൽ വന്നു സംബന്ധിച്ചത് നമ്മുടെ മഹായിടവകയെ സംബന്ധിച്ച് അനുഗ്രഹകരമാണ്. എല്ലാ ദിവസങ്ങളിലും നടന്ന വിവിധ സംഘടനാ മീറ്റിംഗുകളിലും വർദ്ധിച്ച പങ്കാളിത്തവും ശരിയായ പ്രസംഗകരെ പങ്കെടുപ്പിച്ചതും കൂടുതൽ അർത്ഥവത്തായി. അത്തരം യോഗങ്ങൾ സംഘടിപ്പിക്കുന്നതിന് ഇടയായി. കൺവൻഷൻ യോഗങ്ങളിൽ നേതൃത്വം നൽകിയ ആസ്ട്രേലിയൻ ബിഷപ്പ് മോസ്റ്റ് റവ. ഡോ. ഫിലിപ്പ് ലെസ്ലി ഫ്രെയർ, സി. എസ്. ഐ. ജനറൽ സെക്രട്ടറി റവ. ഡോ. ദാനിയേൽ രത്നാകര സദാനന്ദ, ഡൽഹി സെന്റ് സ്റ്റീഫൻസ് കോളജ് പ്രിൻസിപ്പൽ റവ. ഡോ. വത്സൻ തമ്പു, മാർത്തോമ്മാസഭയുടെ വികാരി ജനറൽ റവ. സ്കറിയാ ഏബ്രഹാം, ജോർജ് പി. ഉമ്മൻ എന്നിങ്ങനെ ഏവരോടും നന്ദി അറിയിക്കുന്നു.

മെൽബണിലെ ആംഗ്ലിക്കൻ സഭയുമായുള്ള ബന്ധം ഊഷ്മളമാക്കുന്നതിന് ആസ്ട്രേലിയൻ ആംഗ്ലിക്കൻ പ്രിമേറ്റ് കൂടിയായ ബിഷപ്പ് ഫിലിപ്പ് ഫ്രെയറിന്റെ സന്ദർശനംമൂലം ഇടയായി. റവ. വത്സൻ തമ്പു അച്ചൻ നമ്മുടെ മഹായിടവക അംഗം എന്നതിൽ നമുക്കഭിമാനമുണ്ട്. ദക്ഷിണേന്ത്യാ സഭയ്ക്ക് പുതിയ ദിശാബോധം നൽകുന്നതിൽ ഏറെ അധ്വാനിക്കുന്ന ഡോ. സദാനന്ദ നമ്മുടെ മഹായിടവകയുടെ ഏറ്റവും അടുത്ത സുഹൃത്തുകൂടിയാണ്. കൺവൻഷന്റെ വിജയകരമായ പൂർത്തീകരണത്തിനുവേണ്ടി അത്യധ്വാനം ചെയ്ത കൺവീനർമാരായ റവ. ഡോ. ഉമ്മൻ ജോർജ്, റവ. ഡോ.

പി. കെ. കുരുവിള, ബേക്കർ കോമ്പൗണ്ട് മാനേജർ റവ. ജോർജ് മാത്യു, വിവിധ സബ് കമ്മറ്റി കൺവീനർമാർ, കമ്മറ്റി അംഗങ്ങൾ ഏവരേയും അഭിനന്ദിക്കുന്നു.

ഫെബ്രുവരി 1-ാം തീയതി കൺവൻഷൻ പന്തലിൽ നടന്ന പൊതു ആരാധനയിലും മഹായിടവകദിന സമ്മേളനത്തിലും അഭൂതപൂർവ്വമായ ജന പങ്കാളിത്തം ഉണ്ടായത് എടുത്തുപറയേണ്ടതാണ്. മഹായിടവക ഉണർവ് വർഷ (Year of Revival)മായി പ്രഖ്യാപിച്ച ഈ വർഷം മഹായിടവകയ്ക്ക് ആകമാനം ഉണർവേകുന്ന ഈ പിന്തുണ തുടർന്നുള്ള നമ്മുടെ മഹായിടവകയുടെ പ്രയാണത്തെയും ദ്വിശതാബ്ദി പരിപാടികളെയും ശക്തീകരിക്കും എന്നതിന് രണ്ടുപക്ഷമില്ല. ഈ പ്രവർത്തനങ്ങളിലും ക്രമീകരണങ്ങളിലും നേതൃത്വം നൽകിയ മഹായിടവക ഓഫീസേഴ്സിനെ അങ്ങേയറ്റം അഭിനന്ദിക്കുന്നു.

പള്ളം സ്പീച്ച്‌ലി കോളജിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ബിഷപ്പ് സ്പീച്ച്‌ലി സ്മാരക പ്രഭാഷണം ഫെബ്രുവരി 2 തിങ്കൾ രാവിലെ മുതൽ ബുക്കാനൻ ഓഡിറ്റോറിയത്തിൽവച്ചു നടത്തപ്പെട്ടു. റവ. ഡോ. വത്സൻ തമ്പു സ്മാരകപ്രഭാഷണം നിർവ്വഹിച്ചു. ഈ പരിപാടി ഭംഗിയായി ക്രമീകരിച്ച പ്രിൻസിപ്പൽ പ്രൊഫ. കോരുള ഐസക്, ബർസാർ റവ. രാജു ജേക്കബ്, കോളജ് അധ്യാപകർ, അനധ്യാപകർ, വിദ്യാർത്ഥികൾ ഏവരെയും അഭിനന്ദിക്കുന്നു.

അങ്ങാടിക്കൽ സി. എസ്. ഐ. സഭയുടെ 150-ാം വാർഷിക ആഘോഷങ്ങളുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ജൂബിലി സ്മാരകമായി പണിതീർത്ത വെസ്ട്രിയുടെ പ്രതിഷ്ഠയും നിർവ്വഹിച്ചു. ഇടവക വികാരി റവ. മാത്യൂസ് ഡേവിഡ് അച്ചനെയും, കമ്മറ്റി അംഗങ്ങളെയും അഭിനന്ദിക്കുന്നു.

ആകമാന സുറിയാനി സഭയുടെ അധ്യക്ഷൻ മോറാൻ മോർ ഇഗ്നാത്തിയോസ് അഫ്രേം രണ്ടാമൻ പാത്രിയാർക്കീസ് ബാവായ്ക്ക് പൗരസമൂഹം നൽകിയ സ്വീകരണ പരിപാടിയിലും കേരള സർക്കാർ നൽകിയ സ്വീകരണ പരിപാടിയിലും പങ്കെടുക്കുവാൻ സാധിച്ചു. കേരളത്തിലെ യാക്കോബായ സമൂഹം നമ്മുടെ മഹായിടവകയോടു പുലർത്തുന്ന ആദരവായി ഈ ക്ഷണത്തെ കാണുകയും പാത്രിയാർക്കീസ് ബാവയുടെ സഭാതർക്ക വിഷയത്തിന്മേലുള്ള സമാധാന ശ്രമങ്ങൾക്ക് പ്രാർത്ഥനാപൂർവ്വമായ എല്ലാ പിന്തുണയും സഭയായി വാഗ്ദാനം ചെയ്യുന്നു.

തന്മാസത്തിൽ കവിയൂർ, കുറിച്ചി എന്നിവിടങ്ങളിലെ സ്ഥിരീകരണ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. കുട്ടികളെ പരിശീലിപ്പിച്ച റവ. ചെറിയാൻ തോമസ്, റവ. രാജു ജേക്കബ്, ഇവാഞ്ചലിസ്റ്റ് ജേക്കബ് ജോൺ എന്നിവരെ അഭിനന്ദിക്കുന്നു. കൂടാതെ കുറിച്ചി സഭയുടെയും വാരിക്കാട് ഇടവകയുടെയും ദൈവാലയ ശിലാസ്ഥാപന കർമ്മവും നിർവ്വഹിക്കപ്പെട്ടു. പ്രത്യേകാൽ വാരിക്കാട് സഭയുടെ ശിലാസ്ഥാപന ശുശ്രൂഷയിൽ ബഥേൽ ആശ്രമത്തിലെ സിസ്റ്റേഴ്സും ആശ്രമ സ്ഥാപകയായ സിസ്റ്റർ ഈഡിത്ത് നീവിന്റെ ബന്ധുക്കളും പങ്കെടുത്തത് സന്തോഷകരമായിരുന്നു. നേതൃത്വം നൽകുന്ന റവ. റോബിൻ ഐപ്പ് മാത്യു അച്ചനെ ഉൾപ്പെടെ അഭിനന്ദിക്കുന്നു.

മഹായിടവകയിൽ ജില്ലാ കൺവൻഷനുകൾക്ക് തുടക്കമിട്ട് ആരംഭിച്ച ഏറ്റുമാനൂർ ജില്ലയുടെ 'വചനമാരി കൺവൻവഷന്റെ' 11-ാമത് യോഗങ്ങളുടെ സമാപന ദിനത്തിൽ പങ്കെടുക്കുവാൻ ഇടയായി. ജില്ല ഒന്നാകെ ഐക്യ

ത്തോടെ ഈ കൺവൻഷനിൽ പങ്കെടുത്തപ്പോൾ ആയിരക്കണക്കിനാളുകളെകൊണ്ട് കുറുപ്പുന്തറ മാർക്കറ്റ് ഗ്രൗണ്ട് നിബിഡമായി. നേതൃത്വം നൽകുന്ന ജില്ലാ ചെയർമാൻ റവ. യേശുദാസ് പി. ജോർജ് അച്ചനെയും ജില്ലാ സെക്രട്ടറി പി. പി. ജോൺസൺ സാറിനെയും കൺവീനർ ബിനോജ് എം. ജെ., ജില്ലയിലെ പട്ടക്കാർ, സഭാപ്രവർത്തകർ, അത്മായ നേതൃത്വം ഏവരെയും അനുമോദിക്കുന്നു.

കേരളത്തിലെ സി. എസ്. ഐ. യുവജനപ്രസ്ഥാനങ്ങളുടെ ഐക്യവേദിയായ കേരള റീജിയണൽ യൂത്ത് മൂവ്മെന്റിന്റെ അഭിമുഖ്യത്തിലുള്ള കലാമേള ഫെബ്രുവരി മാസം 14-ാം തീയതി കോട്ടയത്തുവച്ച് നടത്തപ്പെട്ടു. റീജിയണൽ യുവജനപ്രസ്ഥാനം ചെയർമാൻ ബിഷപ്പ് കെ. ജി. ദാനിയേൽ തിരുമേനിയും സന്നിഹിതനായിരുന്നു.

ചാമ്പൽ ബുധനാഴ്ചയോടനുബന്ധിച്ച് കണ്ണമ്മൂല ഐക്യദൈവശാസ്ത്ര കലാലയത്തിൽ നടന്ന ധ്യാനയോഗങ്ങൾക്ക് നേതൃത്വം നൽകാൻ കഴിഞ്ഞത് സന്തോഷകരമായിരുന്നു. നമ്മുടെ മഹായിടവകയുടെകൂടെ പങ്കാളിത്തമുള്ള ഈ സെമിനാരിയിൽ എകദേശം 20 ഓളം കുട്ടികൾ നമ്മുടെ മഹായിടവകയിൽനിന്ന് പഠിക്കുന്നുണ്ട്. ഈ സെമിനാരിയെ ഓർത്ത് ഏവരും പ്രാർത്ഥിക്കുമല്ലോ.

മാരാമൺ കൺവൻഷന്റെ പ്രഥമദിനത്തിൽ പങ്കെടുക്കുന്നതിനും വൈകുന്നേരത്തെ മീറ്റിംഗിൽ വചനം പങ്കുവയ്ക്കുന്നതിനും അവസരം ലഭിച്ചു. വളരെ പുരാതനമായ ഈ കൺവൻഷൻ യോഗത്തിൽ വചനം പങ്കുവയ്ക്കുവാൻ ലഭിച്ച ക്ഷണം സി. എസ്. ഐ സഭയോടുള്ള മാർത്തോമ്മാ സഭയുടെ ചിരകാല ബന്ധമായി കാണുന്നു. മെത്രാപ്പോലിത്ത തിരുമേനിയോടും കൺവൻഷൻ ഭാരവാഹികളോടുമുള്ള നന്ദി അറിയിക്കുന്നു.

കാണക്കാരി സി. എസ്. ഐ. കോളജ് ഫോർ ലീഗൽ സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട നിയമ സെമിനാറിലും 'ലീഗൽ എയ്ഡ് ക്ലിനിക്കിന്റെ' ഉദ്ഘാടന സമ്മേളനത്തിലും പങ്കെടുത്തു. പൊതുജനങ്ങൾക്ക് സൗജന്യ നിയമസഹായം നൽകുന്നതിന് കേരള ലീഗൽ സർവ്വീസ് അതോറിറ്റിയുടെ മേൽനോട്ടത്തിൽ ലീഗൽ എയ്ഡ് ക്ലീനിക്കിന്റെ പ്രവർത്തനം സി. എസ്. ഐ. കോളജ് ഫോർ ലീഗൽ സ്റ്റഡീസിൽ ബഹുമാനപ്പെട്ട ജില്ലാ സെഷൻസ് ജഡ്ജി പി. കെ. ലക്ഷ്മണൻ ഉദ്ഘാടനം ചെയ്തു.

നല്ലാനിക്കുന്ന് സി. എം. എസ്. യു. പി. സ്കൂളിന്റെ 125-ാമത് ജൂബിലി ഉദ്ഘാടനത്തിൽ പങ്കെടുത്തു. ആന്റോ ആന്റണി എം. പി. മുഖ്യാതിഥി ആയിരുന്നു. വളരെ മനോഹരവും ക്രമീകൃതവുമായി സംഘടിക്കപ്പെട്ട ഈ പരിപാടിയിൽവച്ച് 108 വയസ്സു പ്രായമുള്ള നാണു എന്ന പൂർവ്വവിദ്യാർത്ഥിയെ ആദരിക്കാൻ കഴിഞ്ഞത് ഹൃദ്യമായ അനുഭവമായിരുന്നു. സ്കൂൾ ഹെഡ്മാസ്റ്റർ ബിനു ജേക്കബ് നൈനാനെയും സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന നല്ലാനിക്കുന്ന് ഇടവകയെയും ലോക്കൽ കറസ്പോണ്ടന്റ് റവ. അലക്സാണ്ടർ ചെറിയാൻ അച്ചനെയും അഭിനന്ദിക്കുന്നു.

മഹായിടവകയിൽ പ്രവർത്തിക്കുന്ന വൈദികരുടെയും സഭാപ്രവർത്തകരുടെയും സ്ഥലം മാറ്റത്തിന്റെ പട്ടിക പ്രസിദ്ധീകരിച്ചുകഴിഞ്ഞു. മഹായിടവകയ്ക്ക് ആകമാനമുണ്ടാകുന്ന വളർച്ചയും വികാസവും നേതൃപരമായി ഇത്തരം മാറ്റങ്ങളുടെ ക്രമീകരണങ്ങളിലൂടെ ലഭ്യമാകുന്നതാണ്. അതു

കൊണ്ട് പുതിയ സ്ഥലങ്ങളിലെ സൗകര്യങ്ങൾ ആസ്വദിച്ചും പരിമിതികൾ സർവ്വാത്മനാ സ്വീകരിച്ചും പ്രാദേശിക സഭയുടെ ആത്മീയ-ഭൗതീക-സാമൂഹിക വികസനത്തിനുവേണ്ടി പ്രവർത്തിക്കുവാൻ കർത്തൃശുശ്രൂഷയിലുള്ള ഏവരെയും ദൈവം സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

അനുഗ്രഹകരമായ ഒരു നോമ്പുകാലം ഏവർക്കും ആശംസിച്ചു കൊണ്ട്, സ്നേഹപൂർവ്വം,



കോട്ടയം, **റൈറ്റ് റവ. തോമസ് കെ. ഉമ്മൻ**
20.02.2015. ബിഷപ്പ്

## ബിഷപ്പിന്റെ 2015 മാർച്ച് മാസത്തെ പ്രോഗ്രാം

| | | | |
|---|---|---|---|
| 01 ഞായർ | 09.00 a.m. | : | പുന്നയ്ക്കാട് സ്ഥിരീകരണം |
| | 06.30 p.m. | : | കാനം-മുണ്ടക്കയം ജില്ലാ കൺവൻഷൻ സമാപനം |
| 02 തിങ്കൾ | 10.00 a.m. | : | ബഥേൽ ആശ്രമം |
| | 02.00 p.m. | : | കൊല്ലകടവ് സി.എം.എസ്. എൽ.പി.എസ്. -ജൂബിലി സമ്മേളനം |
| 03 ചൊവ്വ | | : | ബാംഗ്ലൂർ - സി. സി. സി. വൈ. സി. സമ്മേളനം |
| 04 -05 | | : | ചെന്നൈ |
| 06 വെള്ളി | | : | വിജയവാഡ |
| 07 ശനി | 09.30 a.m. | : | MKDTA വാർഷിക സമ്മേളനം |
| | 02.00 p.m. | : | ബിഷപ്പ് മൂർ കോളജ് മാവേലിക്കര- സുവർണ്ണ ജൂബിലി സമാപനം |
| 08 ഞായർ | 08.00 a.m. | : | കഞ്ഞിക്കുഴി- സ്ഥിരീകരണം |
| 09 തിങ്കൾ | | | |
| | 09.00 a.m.-01.00 p.m. | : | സന്ദർശനസമയം |
| | 03.00 p.m.-06.00 p.m. | : | ബോർഡ് മീറ്റിംഗുകൾ |
| 10 ചൊവ്വ | 10.00 a.m. | : | ക്വയറ്റ് ഡേ |
| 11–13 | | : | ചെന്നൈ - സിനഡ് പ്രോഗ്രാം |
| 14 ശനി | 02.30 p.m. | : | മഹായിടവക എക്സിക്യൂട്ടീവ് കമ്മറ്റി |
| 15 ഞായർ | 09.00 a.m. | : | എപ്പിസ്കോപ്പൽ സന്ദർശനം |
| | 02.30 p.m. | : | പൂഴിക്കുന്ന് -ദൈവാലയ പ്രതിഷ്ഠ |
| | 06.30 p.m. | : | പത്തനംതിട്ട - ഇലന്തൂർ ജില്ലാ കൺവൻഷൻ സമാപനം |
| 16 തിങ്കൾ | | | |
| | 09.00 a.m.-01.00 p.m. | : | ഭരണ നിർവ്വഹണം |
| | 03.00 p.m.-06.00 p.m. | : | ബോർഡ് മീറ്റിംഗുകൾ |
| 17 ചൊവ്വ | 10.00 a.m. | : | ദേവലോകം അരമന - നിലയ്ക്കൽ ട്രസ്റ്റീസ് മീറ്റിംഗ് |
| 18 -23 | 09.30 a.m. | : | ഉത്തരേന്ത്യൻ മിഷൻ വയൽ സന്ദർശനം |
| 24 ചൊവ്വ | | | |
| | 10.00 a.m.-03.00 p.m. | : | ബിഷപ്പ് മൂർ കോളജ്-മാവേലിക്കര |
| 25 ബുധൻ | | : | സലാല-വിശുദ്ധവാര ആരാധനകൾ |
| 26 -28 | | : | മസ്ക്കറ്റ്-വിശുദ്ധവാര ആരാധനകൾ |
| 29 -31 | | : | ഷാർജ, ദുബായി -വിശുദ്ധവാര ആരാധനകൾ |

❖